**No. CEE/5354/PGM/2019/TA3**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## പി.ജി. മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സ് പ്രവേശനം – 2019

### ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് രേഖകൾ ക്ഷണിച്ചു

2019–20 അധ്യയന വർഷം സംസ്ഥാനത്തെ പി.ജി. മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായുള്ള സർക്കാർ അംഗീകൃത പ്രോസ്പെക്ടസ് വ്യവസ്ഥ പ്രകാരം സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ട, എൻ.ആർ.ഐ ക്വാട്ട എന്നിവയുൾപ്പെടെയുള്ള മുഴുവൻ സീറ്റുകളിലേയ്ക്കും NEET-PG -2019 റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കേരള സംസ്ഥാന റാങ്ക് ലിസ്റ്റിൽ നിന്നും ഏകീകൃത കൗൺസലിംഗ് വഴി പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്നതാണ്.

20.01.2019 തീയതിയിലെ സ.ഉ (കൈ) നം. 10/2019/ആ.കു.വ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ക്രിസ്ത്യൻ, മുസ്ലീം ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടതും, ന്യൂനപക്ഷ പദവിയുള്ളതുമായ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിലേയ്ക്ക് അപേക്ഷകൻ ക്രിസ്ത്യൻ/മുസ്ലീം ന്യൂനപക്ഷ സമുദായത്തിൽപ്പെടുന്നു എന്ന് സാക്ഷ്യപ്പെടുത്തി റവന്യൂ അധികാരികൾ നൽകുന്ന സമുദായ സർട്ടിഫിക്കറ്റ് നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്തെ ക്രിസ്ത്യൻ/മുസ്ലീം ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട അപേക്ഷകർക്ക് അതത് ന്യൂനപക്ഷ സമുദായത്തിൽപ്പെടുന്ന സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനത്തിന് താൽപ്പര്യമുള്ള പക്ഷം അവർ റവന്യൂ ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന സമുദായ സർട്ടിഫിക്കറ്റ് ഓൺലൈൻ അപേക്ഷാ സമർപ്പണ വേളയിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. ഇതിനോടകം ഓൺലൈൻ അപേക്ഷ സമർപ്പിച്ച് സർട്ടിഫിക്കറ്റ് അപ്ലോഡ് ഫൈനലൈസ് ചെയ്തുകഴിഞ്ഞവർക്ക് മേൽ വെബ്സൈറ്റിലെ അപേക്ഷകന്റെ ഹോം പേജിൽ കാണുന്ന '**Upload Minority Certificate**' എന്ന ലിങ്കിലൂടെ സമുദായ സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്യാവുന്നതാണ്.

എസ്.ഇ.ബി.സി സംവരണത്തിനായി വില്ലേജ് ഓഫീസറിൽ നിന്നുള്ള നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് ഓൺലൈൻ അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യുന്ന/ചെയ്തിട്ടുള്ള മുസ്ലീം/ക്രിസ്ത്യൻ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിലേയ്ക്ക് ജാതി സർട്ടിഫിക്കറ്റ് വീണ്ടും അപ്ലോഡ് ചെയ്യേണ്ടതില്ല.

സംസ്ഥാനത്തെ മെഡിക്കൽ പി.ജി (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും ന്യൂനപക്ഷസമൂദായം തെളിയിക്കുന്ന രേഖകൾ അപ്ലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ **2019 മാർച്ച് 25 വൈകുന്നേരം 5 മണിവരെ** ലഭ്യമാണ്.

നിശ്ചിത സമയത്തിനുള്ളിൽ ന്യൂനപക്ഷ സമുദായം തെളിയിക്കുന്നതിനുള്ള രേഖകൾ അപ്ലോഡ് ചെയ്യാത്ത അപേക്ഷകരെ ന്യൂനപക്ഷ ക്വാട്ടാ സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ പട്ടിക, അവയിലെ ന്യൂനപക്ഷ സീറ്റുകളുടെ ലഭ്യത എന്നിവ സർക്കാർ ഉത്തരവുകൾ ലഭ്യമാകുന്ന മുറയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്.

Seetha

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
22.03.2019